# File No.ADP-MPM/132/2022-A3

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
മലപ്പുറം,676505, തീയ്യതി:19/03/2022
ഇമെയിൽ :ddpmlpm@gmail.com
ഫോൺ:04832–734 838

## ക്വട്ടേഷൻ നോട്ടീസ്

മലപ്പുറം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിലും നഗര സഭകളിലും കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറി /മറ്റ് വാഹനങ്ങൾ എന്നിവയിൽ പ്രതിമാസ വാടകയടിസ്ഥാനത്തിൽ ജി.പി.എസ് ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് പരിചയ സമ്പന്നരായ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു . ഗ്രാമ പഞ്ചായത്ത്/നഗര സഭാ ഓഫീസുകളിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും കളക്ടേറ്റിലും, ജോയിൻറ് ഡയറക്ടറുടെ ഓഫീസിലും നിരീക്ഷണത്തിനുള്ള സൌകര്യവും ഇതോടൊപ്പം ഏർപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ അംഗീകാരമുള്ളതും മേഖലയിൽ മുൻപരിചയമുള്ളതുമായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സീൽ ചെയ്ത കവറുകളിൽ ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു . മേഖലയിൽ പരിചയ സമ്പന്നതയുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ജിപിഎസ് സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകാര പത്രം, മുൻപരിചയം എന്നിവ സംബന്ധിച്ച രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കാവുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിൻറെ പേര് ഗ്രാമ പഞ്ചായത്തുകൾക്ക് /നഗരസഭകൾക്ക് നൽകുന്നതായിരിക്കും. ഈ സ്ഥാപനവുമായി നിയമാനുസൃത കരാറിൽ ഏർപ്പെടുന്നതും ജി.പി.എസ് അനുവദിക്കുന്നതിനുള്ള തുക അനുവദിക്കുന്നതും ഈ സംവിധാനം ഉപയോഗപ്പെടുത്തുന്ന ഗ്രാമ പഞ്ചായത്തുകൾ ആയിരിക്കും.

ക്വട്ടേഷനുകൾ മലപ്പുറം സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ 30/03/2022 ന് **വൈകുന്നേരം 3 മണിക്കകം** ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ലഭ്യമാകുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 4 മണിക്ക് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.ഈ ക്വട്ടേഷന് നിലവിലുള്ള സർക്കാർ ഉത്തരവുകളും വ്യവസ്ഥകളും ബാധകമാകുന്നതാണ് **30/03/2022** ന് അവധി ആയിരിക്കുന്ന പക്ഷം തുടർ നടപടി തൊട്ടടുത്ത ദിവസം നടത്തുന്നതായിരിക്കും.

**ക്വട്ടേഷനുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും**

1. ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരുമാസത്തേക്കുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

2. പഞ്ചായത്ത്/നഗര സഭാ ഓഫീസുകളിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും കളക്ടേറ്റിലും ജോയിൻറ് ഡയറക്ടറുടെ ഓഫീസിലും നിരീക്ഷണത്തിനുള്ള സൌകര്യവും ഇതോടൊപ്പം തന്നെ ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി /സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

3. ജിപിഎസ് സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകാര പത്രം, മുൻപരിചയം എന്നിവ സംബന്ധിച്ച രേഖകൾ ക്വട്ടേഷനോടൊപ്പം

സമർപ്പിക്കാവുന്നതാണ്.

4. ഈ പദ്ധതി സംബന്ധിച്ച് നിലവിലുള്ളതും വരാവുന്നതുമായ സർക്കാർ നിയമങ്ങളും ഉത്തരവുകളും പാലിക്കുന്നതിന് ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി /സ്ഥാപനം ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

5. ഇക്കാര്യം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ മലപ്പുറം സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്ന് പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. **(ഫോൺ-04832-734838)**

6. ക്വട്ടേഷനുകൾ ഇമെയിലായും സ്വീകരിക്കുന്നതാണ് **(ഇമെയിൽ :ddpmlpm@gmail.com)**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

Signature Not Verified

Digitally signed by Shaji Joseph Cherukarakunnel
Date: 2022.03.19 16:13:39 IST
Reason: Approved